# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൂണേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 8/423/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തൂണേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ ജനറൽ,കോഴിക്കോട്,
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 8/423/2023 തീയ്യതി: 29/03/2023

## കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിനി എം.വി | ജോയിന്റ് ഡയറക്ടർ | 17-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
നസീർ ടി.പി.എ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജാസിർ സി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കെ.പി വനജ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.രജിത കെ | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീ.സുജീന്ദ്രൻ പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-05-2021 | 13-05-2021 |
| ശ്രീ.അഫ്സൽ പി.എൻ | സെക്രട്ടറി | 14-05-2021 | 18-12-2021 |
| ശ്രീ.സുജീന്ദ്രൻ പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-12-2021 | 30-01-2022 |
| ശ്രീമതി.ദേവിക രാജ് | സെക്രട്ടറി | 31-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അശ്വതി സി.എൻ ഇളങ്കമൺ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 30-06-2021 |
| ശ്രീമതി.ബെറ്റി വർഗ്ഗീസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-07-2021 | 31-07-2021 |
| ശ്രീമതി.അശ്വതി സി.എൻ ഇളങ്കമൺ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-08-2021 | 15-08-2021 |
| ശ്രീമതി.സുമറാണി പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 16-08-2021 | 14-11-2021 |
| ശ്രീമതി.ശ്രീജ പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 15-11-2021 | 28-11-2021 |
| ശ്രീമതി.സുമറാണി പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 29-11-2021 | 31-03-2022 |
| ശ്രീമതി.അഞ്ജന എം.എസ് | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.റഷീദ് കെ.പി | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ-ഇൻ-ചാർജ്ജ് | 01-04-2021 | 21-04-2021 |
| ശ്രീ.മനോജ് ടി | ജനറൽ എക്സ്റ്റൻഷൻ | 22-04-2021 | 02-08-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.ജയപ്രകാശ് പി.കെ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 03-08-2021 | 31-03-2022 |
| ശ്രീ.അഷ്ഹർ ടി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജമീല എം | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ.ശശീന്ദ്രൻ പി.കെ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി.തേജ വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 08-04-2021 |
| ശ്രീ.അബ്ദുൾ റെനീഷ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 09-04-2021 | 22-07-2021 |
| ശ്രീമതി.ഷീല എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2021 | 31-03-2022 |
| ഡോ.ശ്രീലേഖ ടി.വൈ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 16-12-2021 |
| ഡോ.പ്രസന്നകുമാരി | മെഡിക്കൽ ഓഫീസർ ഹോമിയോ | 17-12-2021 | 31-03-2022 |
| ശ്രീ.ദിലീപ് കുമാർ കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 10-06-2021 |
| ശ്രീ.നൗഫൽ അലി കെ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 11-06-2021 | 08-10-2021 |
| ശ്രീ.അനി ടി.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 09-10-2021 | 31-03-2022 |
| ശ്രീമതി.സജിത പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 08-11-2021 |
| ശ്രീമതി.റിജുല എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-11-2021 | 01-12-2021 |
| ശ്രീമതി.അമിത പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ | 1-4-1 |
| 6 | പദ്ധതി ആസൂത്രണം, നിർവ്വഹണം - അപാകതകൾ | 1-5 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ മറികടന്ന് പ്രോജക്ടുകൾ നടപ്പിലാക്കി | 1-8 |
| 10 | കാർഷിക പദ്ധതികൾ വനിതാ ഘടക പദ്ധതിയായി നടപ്പാക്കി | 1-9 |
| 11 | വളയം സി.എച്ച്.സി - ആശുപത്രി മാനേജിംഗ് കമ്മറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-10 |
| 12 | ഹോമിയോ ആശുപത്രി സ്ത്രീ കേന്ദ്രം കെട്ടിടം ഉപയോഗക്ഷമമാക്കിയില്ല | 1-11 |
| 13 | കുടിവെള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച | 1-12 |
| 14 | അർഹതയില്ലാത്ത ഗ്രൂപ്പിന് സംരംഭക സബ്സിഡി അനുവദിച്ചു | 1-13 |
| 15 | റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു | 1-14 |
| 16 | ചാത്തമംഗലം സി.എഫ്.എൽ.ടി.സിക്ക് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| 17 | ആവശ്യമായ പരിശീലനം നൽകാതെ ഗ്രൂപ്പുകൾക്ക് സംരഭക സബ്സിഡി നൽകുന്നു | 1-16 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അർഹതയില്ലാത്ത ഗ്രൂപ്പിന് സംരംഭക സബ്സിഡി അനുവദിച്ചു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഭരണസമിതിയുടെ 20/02/2021 ലെ 01-ാം നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യവാരത്തിൽ തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കുകയും ചെയ്യണം. എന്നാൽ ഈ നടപടിക്രമങ്ങൾ സമയനിബന്ധന പാലിച്ച് ബജറ്റ് തയ്യാറാക്കുമ്പോൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഭരണസമിതി അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്/ചെലവുകളും 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവുകളും തമ്മിൽ വലിയതോതിൽ വ്യത്യാസം നിലനില്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ്/ചെലവ് | യഥാർത്ഥത്തിലുള്ള വരവ്/ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 7376640 | 10048699.5 |
| വരവ് | 54910000 | 72347704 |
| ആകെ വരവ് | 62286640 | 82396403.5 |
| ചെലവ് | 54259600 | 69032185 |
| നീക്കിയിരിപ്പ് | 8027040 | 13364218.5 |

നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ

കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തികൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.
2. വികസന ഫണ്ട് ജനറൽ, എസ്സ്.സി.പി, മെയിന്റനൻസ് നോൺ-റോഡ് എന്നീ ഇനങ്ങളിൽ ഇൻകം & എക്സ്പെൻഡിച്ചർ, എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം ചെലവ് തുകയിൽ വ്യത്യാസം നിലനില്ക്കുന്നു.

| ഫണ്ടിനം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള തുക | എ.സി.ആർ പ്രകാരമുള്ള തുക | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 23542885 | 24219564 | 24211004 |
| വികസനഫണ്ട്-എസ്സ്.സി.പി | 1400000 | 1956986 | 1400000 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 4765591 | 5322357 | 4997831 |

3. വാർഷിക കണക്ക് പ്രകാരമുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ്, അഡ്വാൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.
6. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില (ഇ – ടെണ്ടർ ഫീ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലോൺ അടവിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

8. സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യിട്ടില്ലാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ 1,84,130/- രൂപ വാർഷിക കണക്കിൽ Liability ഇനത്തിൽ ഉൾപ്പെടുത്തുന്നതിന് അവശേഷിക്കുന്നുണ്ട്.

9. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(പ്രോജക്ട് നം-13/21-22) എന്ന പദ്ധതിയിൽ എടച്ചേരി ഗ്രാമപഞ്ചായത്തിലുള്ള യൂണിയൻ ബാങ്ക് എക്കൗണ്ട് ഉടമകളുടെ 1,15,353/- രൂപ എടച്ചേരി ക്ഷീരോത്പാദക സഹകരണ സംഘത്തിന് കൈമാറിയിട്ടുണ്ടെങ്കിലും എക്കൗണ്ട് നമ്പർ തെറ്റായതിനാൽ തിരികെ സർക്കാർ എക്കൗണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. മേൽ തുക ഉൾപ്പെടെയുള്ള 18,45,000/- രൂപ ഐ.കെ.എം ചെലവ് പത്രിക,വാർഷിക കണക്ക് എന്നിവയിൽ ചെലവായി ഉൾപ്പെട്ടിട്ടുണ്ട്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-9/21-22 തിയ്യതി-22.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10048699.50 |
| വരവ് | 72347704.00 |
| ആകെ | 82396403.50 |
| ചെലവ് | 69032185.00 |
| നീക്കിയിരിപ്പ് | 13364218.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25940869 | 25940869 | 24219564 | 1721305 |
| വികസന | 0 | 2035090 | 2035090 | 1956986 | 78104 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1191175 | 1191175 | 1089000 | 102175 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7661324 | 7661324 | 5322357 | 2338967 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 0 | 7225000 | 7225000 | 2056474 | 5168526 |
| | TREASURY | 0 | 4680558 | 4680558 | 1696278 | 2984280 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 0 | 4905921 | 4905921 | 3380370 | 1525551 |
| | TREASURY | 0 | 385956 | 385956 | 383713 | 2243 |

(നോട്ട്:സ.ഉ(സാധാ)നം. 1345/2022/ധന തിയ്യതി-26.02.2022 പ്രകാരം മെയിന്റനൻസ് നോൺ-റോഡ് ഇനത്തിൽ പുന:ക്രമീകരിച്ച വിഹിതം 75,78,000/- രൂപയാണ്.

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2021-22 വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ ചവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(1)PFMS ടൈഡ്.അൺ-ടൈഡ് ഇനങ്ങളിൽ ചെലവ് തുകകൾ ഈയ്യിനത്തിലുള്ള എ.സി.ആർ ചെലവ് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം ചെലവ് | |
| പി.എഫ്.എം.എസ്-അൺ-ടൈഡ് | 4020152 | 3380370 | 639782 |
| പി.എഫ്.എം.എസ്-ടൈഡ് | 1674656 | 2056474 | 381818 |

(2)പ്രോജക്ട് നം-6/21-22.ലൈഫ് പി.എം.എ.വൈ ഭവനം(ജനറൽ) ഗ്രാമപഞ്ചായത്ത് വിഹിതം ഇനത്തിൽ 51,800/- രൂപ വാർഷിക കണക്ക് പ്രകാരം (RP-31) വരവ് വന്നിട്ടുണ്ട്. എന്നാൽ ആയത് ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

3)ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രോജക്ട് നം-13/21-22) എന്ന പദ്ധതിയിൽ എടച്ചേരി ഗ്രാമപഞ്ചായത്തിലുള്ള യൂണിയൻ ബാങ്ക് എക്കൗണ്ട് ഉടമകളുടെ 1,15,353/- രൂപ എടച്ചേരി ക്ഷീരോത്പാദക സഹകരണ സംഘത്തിന് കൈമാറിയിട്ടുണ്ടെങ്കിലും എക്കൗണ്ട് നമ്പർ തെറ്റായതിനാൽ തിരികെ സർക്കാർ എക്കൗണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. മേൽ തുക ഉൾപ്പെടെയുള്ള 18,45,000/- രൂപ ഐ.കെ.എം ചെലവ് പത്രിക, വാർഷിക കണക്ക് എന്നിവയിൽ ചെലവായി ഉൾപ്പെട്ടിട്ടുണ്ട്. 1,15,353/- രൂപ അർഹരായ ക്ഷീര കർഷകർക്ക് ആനുകൂല്യമിനത്തിൽ നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-5 പദ്ധതി ആസൂത്രണം, നിർവ്വഹണം - അപാകതകൾ

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 115 | 83509918 | 92 | 46462258 |

1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172(1), പട്ടിക 4 പ്രകാരമുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനുള്ള പ്രൊജക്ടുകളല്ല ഓഡിറ്റ് വർഷത്തിലും ആസൂത്രണം ചെയ്യപ്പെട്ടത്. ഇക്കാര്യങ്ങൾ 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും പരിഹാര

നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2) വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനരഹിതം

പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ മേഖലകളിൽ അടിസ്ഥാനപരവും നിർണ്ണായകവുമായ പ്രവർത്തനം നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ മുൻ വർഷത്തെ പോലെ ഓഡിറ്റ് വർഷത്തിൽ നിഷ്ക്രിയമായിരുന്നെന്ന് ഗ്രൂപ്പുകളുടെ മിനിട്സുകൾ സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷത്തെ പദ്ധതി ആസൂത്രണത്തിന് മാത്രമായാണ് ഗ്രൂപ്പുകൾ യോഗം ചേർന്നത്. ഇതിൽ പദ്ധതി നിർദ്ദേശങ്ങൾ അക്കമിട്ട് നിരത്തിയതല്ലാതെ ചർച്ചകളൊന്നും നടത്തിക്കാണുന്നില്ല. തൻവർഷത്തെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് യോഗങ്ങളൊന്നും തന്നെ സ്ഥാപനം ചേർന്നിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുകയെന്ന പ്രധാന കർത്തവ്യം നിർവ്വഹിക്കപ്പെട്ടില്ലെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

3) പ്രോജക്ടുകൾ സ്റ്റാറ്റസ് റിപ്പോർട്ടുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നവയല്ല

മുൻ വർഷത്തെ പോലെ ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിലും സ്ഥാപനത്തിന്റെ ഉത്തരവാദിത്തങ്ങൾക്ക് അനുസൃതമായ തരത്തിൽ പൂർണ്ണതയുള്ള അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കില തയ്യാറാക്കിയ, 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി' അടിസ്ഥാനപ്പെടുത്തിയാണ് വിവിധമേഖലകളിലെ സ്റ്റാററസ് റിപ്പോർട്ട് സ്ഥാപനം തയ്യാറാക്കിയിട്ടുള്ളത്. പ്രധാനമായും ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തങ്ങളെ അടിസ്ഥാനപ്പെടുത്തിയ വിവരങ്ങളാണ് മാതൃകയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ വിവിധ മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ചുമതലകളുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങളൊന്നും തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുകയോ വിശകലനം ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല (ഫോറങ്ങൾ മാതൃകകൾ മാത്രമാണെന്നും യുക്തമായ രീതിയിൽ ഇത് പരിഷ്കരിക്കുകയോ ആവശ്യമെങ്കിൽ കൂടുതൽ ഫോറങ്ങൾ ഉൾച്ചേർക്കുകയോ ആകാമെന്ന് സഹായിയിൽ വ്യക്തമാക്കിയിട്ടുണ്ട്) ഇതുകൊണ്ട് തന്നെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുന്നതിൽ സ്ഥാപനം പരാജയപ്പെട്ടിട്ടുണ്ട്.

ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വീഴ്ചകൾക്ക് വിശദീകരണം നല്കേണ്ടതും അപാകതകൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

1-6 ആഭ്യന്തരനിയന്ത്രണം

ബാലൻസ് ഷീറ്റ് ബി-17 പ്രകാരം 9,85,901/- രൂപ മുൻകൂർ നൽകിയതിൽ

ക്രമപ്പെടുത്താനവശേഷിക്കുന്നുണ്ട്. എന്നാൽ മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തനതു ഫണ്ട് വൗച്ചറുകൾ പ്രസിഡന്റ് അധികൃതപ്പെടുത്തിയിട്ടില്ല. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന രീതിയിലല്ല പ്രൊജക്ടുകൾ രൂപപ്പെടുത്തിയത്. കാർഷിക മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന രീതിയിലും പദ്ധതി മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായുമല്ല പ്രോജക്ടുകൾ നടപ്പിലാക്കിയത്. സകർമ ഓൺലൈൻ മിനിട്സ് പരിശോധിച്ചതിൽ 2022 വർഷം 30 യോഗങ്ങൾ ചേർന്നതായും 25 മിനിട്സ് പൂർത്തിയാക്കിയതായും 03 മീറ്റിംഗുകൾ റദ്ദാക്കിയതായും 02 മിനിട്സ് പൂർത്തിയാക്കാനവശേഷിക്കുന്നതായും കാണുന്നു. സകർമ മിനിട്സ് യഥാസമയങ്ങളിൽ പൂർത്തിയാക്കി ക്ലോസ് ചെയ്യേണ്ടതാണ്. മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.03.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

1-8 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ മറികടന്ന് പ്രോജക്ടുകൾ നടപ്പിലാക്കി

ബ്ലോക്കിനു കീഴിലെ പഞ്ചായത്തുകളിലായി 7.988 ഹെക്ടർ സ്ഥലത്ത് വാഴകൃഷിക്ക് ഒരു ഹെക്ടറിന് ഗ്രൂപ്പിന് 32,000/- രൂപയും ഉടമക്ക് 3,000/- രൂപയും ഉൾപ്പെടെ ഹെക്ടറിന് 35,000/- രൂപ നിരക്കിൽ ആകെ 2,79,600/- രൂപ നൽകുന്നതിനാണ് സുഭിക്ഷ കേരളം വാഴകൃഷി പ്രോജക്ട് (20/2021-22). വിഷയ മേഖലാടിസ്ഥാനത്തിൽ കേരളാ പഞ്ചായത്ത് രാജ് ആക്ട് 172 വകുപ്പ് ഒന്നാം ഉപ വകുപ്പ് പ്രകാരം നാലാം പട്ടികയിൽ ബ്ലോക് പഞ്ചായത്തുകളുടെ മേഖലാ ചുമതലകൾ കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ഗ്രാമീണ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുക,ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ നിവേശങ്ങൾ ഏർപ്പെടുത്തുക, കാർഷിക പ്രദർശനങ്ങൾ നടത്തുക,ബ്ലോക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക,കാർഷിക വായ്പ സ്വരൂപിക്കുക, പട്ടുനൂൽ കൃഷി പ്രോൽസാഹിപ്പിക്കുക തുടങ്ങിയ ചുമതലകളാണ് പ്രതിപാദിക്കുന്നത്. സ.ഉ(കൈ)നം.22/2018/തസ്വഭവ. തി. 14.02.2018 മാർഗ്ഗരേഖ 6.1 (കൃഷി) പ്രകാരം 100% സബ്സിഡിയിൽ വാഴകൃഷിയുൾപ്പെടെയുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ അനുമതി നൽകിയിരിക്കുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമാണ്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 172 വകുപ്പ് ഒന്നാം ഉപ വകുപ്പ് നാലാം പട്ടിക പ്രകാരം കൃഷിയുമായി

ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരം ഗ്രാമപഞ്ചായത്തുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ ആവർത്തിക്കുന്നതിലൂടെ മേഖലയുടെ സമഗ്രമായ വികസനമാണ് അസാധ്യമാകുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-9 കാർഷിക പദ്ധതികൾ വനിതാ ഘടക പദ്ധതിയായി നടപ്പാക്കി

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2021-22 കാലയളവിൽ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ട് നം. 17/2021-22 സുഭിക്ഷ കേരളം തരിശുരഹിത ഗ്രാമം ഇടവിള കൃഷി (വനിത),പ്രോജക്ട് നം. 140/2021-22സമഗ്ര പച്ചക്കറി കൃഷി വികസനം (വനിത) എന്നിവ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി കാണുന്നു. സ.ഉ.(കൈ) നം.11/2018 തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.5-3 (10)ൽ വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖ.6-3(iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികളും കാർഷിക മേഖലയിൽ വനിതാ ഘടക പദ്ധതിയായി നടപ്പാക്കിയത് മാർഗ്ഗരേഖക്ക് വിരുദ്ധമായാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വളയം സി.എച്ച്.സി - ആശുപത്രി മാനേജിംഗ് കമ്മറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വളയം സി.എച്ച്.സി മാനേജിംഗ് കമ്മിറ്റികളുടെ നാളിതുവരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (2018-19) ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയതായി കാണുന്നില്ല. എച്ച്.എം.സി രൂപീകരിച്ചതു മുതലുള്ള വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. എച്ച്.എം.സി യുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്ന കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-11 ഹോമിയോ ആശുപത്രി സ്ത്രീ കേന്ദ്രം കെട്ടിടം ഉപയോഗക്ഷമമാക്കിയില്ല

പദ്ധതി വർഷം താലൂക്ക് ഹോമിയോ ആശുപത്രി സ്ത്രീ കേന്ദ്രം കെട്ടിട നിർമ്മാണത്തിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എ.ഇ |
| പ്രോജക്ട് നം. | 93/22 |
| അടങ്കൽ | 111689/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 109767/- |
| ബിൽനം. തി. | 679/22/27.10.21 |

കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും വയറിംഗ് ചെയ്തിട്ടില്ല. കെട്ടിടം നിർമ്മിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഇത്തരമൊരു കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം ഉയർന്നുവന്നതായി കാണുന്നില്ല. കെട്ടിടം ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/21-22/ 22.3.23) മറുപടി നൽകിയിട്ടില്ല. കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കി അറിയിക്കേണ്ടതാണ്.

### 1-12 കുടിവെള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം നിരവധി കുടിവെള്ള പദ്ധതികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. എന്നാൽ ഈ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | എഗ്രിമെന്റ് തിയ്യതി | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കോളിപ്പാറ കുടിവെള്ള പദ്ധതി | 14.03.2022 | കിണർ പൂർത്തീകരിച്ചു |
| 2 | പൂങ്കുളം കുടിവെള്ള പദ്ധതി | 05.01.2022 | കിണർ,ടാങ്ക് പൂർത്തീകരിച്ചു |
| 3 | കാട്ടു പുത്തൻപുരയ്ക്കൽ കുടിവെള്ള പദ്ധതി | 17.12.2021 | ഇലക്ട്രിക്കൽ റിപ്പയർ |
| 4 | എരഞ്ഞിമ്പാട്ടു കുടിവെള്ള പദ്ധതി | 10.12.2021 | കിണർ, പമ്പ് ഹൗസ് നിർമ്മിച്ചു |
| 5 | ഇളയിടം ശിശുമന്ദിരം കുടിവെള്ള പദ്ധതി | 25.03.2022 | ടാങ്ക് നിർമ്മാണം നടക്കുന്നു |
| 6 | പുതിയോട്ടിൽ ഭാഗം കുടിവെള്ള പദ്ധതി | 28.01.2022 | ഇലക്ട്രിഫിക്കേഷൻ പൂർത്തിയായി |
| 7 | തച്ചർകണ്ടി കുടിവെള്ള പദ്ധതി | 17.02.2022 | സപ്ലൈ പൈപ്പ് ലൈൻ സ്ഥാപിക്കണം |
| 8 | തട്ടാൻ കുന്ന് കുടിവെള്ള പദ്ധതി | 25.03.2022 | മോട്ടോർ മാറ്റിവെക്കുന്ന പ്രവത്തി പൂർത്തിയായിട്ടില്ല. |

എല്ലാ കുടിവെള്ള പദ്ധതികൾക്കും ഭാഗികമായാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇത് ശരിയായ നടപടിയല്ല. പദ്ധതികൾ സമഗ്രമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മിക്ക പദ്ധതികളും മേൽ സൂചിപ്പിച്ച പ്രകാരം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണുള്ളത്. ഒരു പദ്ധതി പോലും തൻവർഷം പൂർത്തിയായിട്ടില്ല. ഈ പദ്ധതികളിലെല്ലാം തന്നെ ഗുണഭോക്താക്കൾ മലയോര മേഖലകളിൽ താമസിക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങളാണ്. കുടിവെള്ളത്തിന് ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന് സമയോചിതമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

സ.ഉ (കൈ) നം.1/2018 തസ്വഭവ തി.29.01.2018പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.7-ബി-6 ൽ എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രൊജക്ടിൽ ഉൾപ്പെടുത്തണമെന്നും, കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നും പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21-22/22.3.23) മറുപടി നൽകിയിട്ടില്ല. കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13 അർഹതയില്ലാത്ത ഗ്രൂപ്പിന് സംരംഭക സബ്സിഡി അനുവദിച്ചു

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതാ സ്വയം സഹായങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയിൽ അഞ്ച് പേരടങ്ങിയ വനിതാ ഗ്രൂപ്പിന് സംരംഭം തുടങ്ങാൻ സബ്സിഡി നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ടി പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 103/22 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി നൽകൽ |
| അടങ്കൽ | 130000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 130000/- |
| ബിൽനം.തി. | 758/11.10.2021 |

പുറമേരി ഗ്രാമപഞ്ചായത്തിലെ ഗംഗ വനിത ജെ.എൽ.ജി ഗ്രൂപ്പിന് ഗാർമെന്റ് മേക്കിംഗ് എന്ന പദ്ധതിക്ക് ഗ്രാമീണ ബേങ്ക് പുറമേരിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ) നം.22/2018 തസ്വഭവ 14.02.2018 6.4 പ്രകാരം ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയച്ച ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകേണ്ടത്. എന്നാൽ

ധനസഹായം കൈപ്പറ്റിയ ഗ്രൂപ്പ് അവസാനമായി യോഗം ചേർന്നത് 3.4.2021 നാണ്. ഇതിന് ശേഷം യോഗങ്ങൾ ചേർന്നിട്ടില്ല. ഗ്രൂപ്പിന് സബ്സിഡി നൽകുന്നത് 11.10 2021നാണ്. അതായത് ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ച് ആറ് മാസം കഴിഞ്ഞതിന് ശേഷമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രൂപ്പിന് സബ്സിഡി നൽകിയിരിക്കുന്നത്. ഗ്രൂപ്പിന്റെ ഗ്രേഡിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ, കാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർജ്ജീവമായ ഗ്രൂപ്പാണെന്ന് മനസ്സിലായിട്ടും ഗ്രൂപ്പിന് സബ്സിഡി ആനുകൂല്യം നൽകി.

2) നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ സ്ഥാപനത്തിന്റെ ആസ്തി സംബന്ധിച്ചുള്ള വിവരങ്ങൾ, സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ളരേഖ (KSEB ബില്ല്, പഞ്ചായത്ത് ലൈസൻസ്), മീറ്റിംഗ് മിനുട്സ്, ബാങ്കിന്റെ പാസ്ബുക്ക്, സ്ഥാപനം പ്രവർത്തന സജ്ജമല്ലെങ്കിൽ കാരണം എന്നീ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് സംഘത്തിന് 03.03.2022 ലെ ഐ.ഇ.ഒ/ടി.എൻ.ആർ.ഐ/103/22 നമ്പർ പ്രകാരം കത്ത് നൽകിയിരുന്നു. എന്നാൽ സംഘം ഇതിന് മറുപടി നൽകിയിട്ടില്ല.

3) സബ്സിഡി തുകയായ 1,30,000/- രൂപ ബേങ്കിലേക്ക് അനുവദിച്ചതിന് ശേഷം അതായത് 1.11.2021 ലെ ഐ.ഇ.ഒ/ടി.എൻ.ആർ.ഐ/103/22 നമ്പർ കത്തിൽ പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം കുറഞ്ഞത് മൂന്നുവർഷമെങ്കിലും യൂണിറ്റ് നിർബന്ധമായും പ്രവർത്തിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ഗ്രാന്റിന് അർഹത ഉണ്ടായിരിക്കില്ലെന്നും ഗ്രാന്റ് തിരിച്ചുപിടിക്കുമെന്ന് സൂചിപ്പിച്ചും, യൂണിറ്റിന്റെ പ്രവർത്തനനില പരിശോധിച്ച മാത്രമേ ഗുണഭോക്താവിന് ഗ്രാന്റ് അനുവദിക്കുവാൻ പാടുള്ളൂവെന്നും, ഇക്കാര്യം ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും സാഹചര്യത്തിൽ യൂണിറ്റ് പ്രവർത്തനരഹിതമാണെങ്കിൽ ഗ്രാന്റ് തിരിച്ചടക്കേണ്ടതുമാണെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ ഗ്രാമീണ ബേങ്ക് മാനേജർ പുറമേരിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ കത്തിന് ബേങ്ക് മാനേജർ മറുപടി നൽകിയിട്ടില്ല. സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിൽ ബേങ്കിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്.

4) ഓഡിറ്റിന്റെ ഭാഗമായി 20.03.2023 ന് പുറമേരി പഞ്ചായത്തിലെ പെരുമുണ്ടശ്ശേരിയിൽ പ്രവർത്തിക്കുന്ന യൂണിറ്റ് ഓഡിറ്റ് ടീം പരിശോധിക്കുകയുണ്ടായി. എന്നാൽ ഇവിടെ പ്രവർത്തിച്ചിരുന്നത് അത്തർ വർക്കേഴ്സ് സോഷ്യൽ വെൽഫേർ കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനമാണ് സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ഒരു ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റ് സൊസൈറ്റിയുടെ ഭാഗമായി തന്നെ പ്രവർത്തിച്ചിരുന്നു എന്ന് അധികൃതർ ഓഡിറ്റിനെ അറിയിച്ചു. ഉപയൂണിറ്റിലേക്ക് ഗംഗ ഗ്രൂപ്പിന്റെ 5 മെഷീനുകളും നൽകിയെന്ന് അവർ അറിയിച്ചു. ഇപ്പോൾ ഇത് പ്രവർത്തിക്കുന്നില്ല. ഗംഗ ഗ്രൂപ്പിന്റെ അഞ്ച് തയ്യൽ മെഷീനുകൾ നിലവിൽ അവിടെ സൂക്ഷിച്ചിട്ടുണ്ടെന്ന് സൊസൈറ്റി സെക്രട്ടറി ഓഡിറ്റിനെ

അറിയിക്കുകയുണ്ടായി. ഫലത്തിൽ ഗംഗ ജെ.എൽ.ജി.ഗ്രൂപ്പ് പ്രവർത്തന രഹിതമാണ്. ഗ്രൂപ്പ് സംരംഭം തുടങ്ങിയില്ലെന്നതു മാത്രമല്ല ഗ്രൂപ്പിന്റെ ആസ്തി നിലവിൽ മറ്റൊരു സൊസൈറ്റിയുടെ അധീനതയിലാണുള്ളത്. വനിതകളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതി സൊസൈറ്റിയുടെ ഭാഗമായതിന് വിശദീകരണം നൽകേണ്ടതാണ്.

5) സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.2.2018പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ 6-4-4ൽ കേന്ദ്ര - സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടിയവർക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രൂപ്പ് ഇത്തരത്തിലുള്ള പരിശീലനം നേടിയതായുള്ള രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21-22/22.3.23) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ വിശദമായി മോണിറ്ററിംഗ് നടത്തുന്നതിലുള്ള വീഴ്ചയാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. ഗ്രൂപ്പ് സബ്സിഡിക്ക് അർഹമല്ലെന്ന് അറിഞ്ഞിട്ടും ഇത് പരിഗണിക്കാതെ ഗ്രൂപ്പിന് സബ്സിഡി നൽകിയതും ആയത് തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിന് വിശദീകരണം നൽകേണ്ടതും ഗ്രൂപ്പിന് നൽകിയ സബ്സിഡി പലിശസഹിതം തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം 1,30,000/- രൂപയുടെ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബധ്യതയായി നിജപ്പെടുത്തി ഈടാക്കുന്നതാണ്.

## 1-14 റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ (172ാം വകുപ്പ് 1ബി IX കാണുക) ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ വിശദീകരിക്കുന്നുണ്ട്. ഇതിൽ പൊതുമരാമത്ത് മേഖലയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും, ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല. എന്നാൽ പദ്ധതി വർഷത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയിരിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ മിക്കതും ചെറിയ എസ്റ്റിമേറ്റിൽ തയ്യാറാക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ഇരുന്നൂറ് മീറ്ററിൽ അധികരിക്കാത്ത ചെയിനേജിലുള്ളതാണ് മിക്ക പ്രവൃത്തികളും. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം പ്രവൃത്തികൾ മിക്കതും ടെണ്ടർ എടുക്കുന്നത് ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ റോഡ് വർക്കുകൾ ചെയ്യാൻ കഴിയാത്ത സാധാരണ കരാറുകാരായിരിക്കും. ഇതിന്റെ

ഫലമായി റോഡുകളുടെ പ്രവൃത്തിയിൽഗുണനിലവാരം കുറയുകയും അത് വഴി ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പ്രയാസമുള്ളതായി മാറുകയും ചെയ്യാറുണ്ട്. ഫണ്ടുകൾ ചെറിയ ചെയിനേജിലുള്ള പ്രവൃത്തികൾക്ക് വിഭജിക്കുന്നതിന് പകരം, ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങൾ ഗതാഗതത്തിനായി കൂടുതൽ ആശ്രയിക്കുന്ന റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഇത്തരം റോഡുകൾ മുഴുവനായും ചെയ്യുന്നതിന് സമഗ്രമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് ശ്രമം നടന്നിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/22.3.23) മറുപടി നൽകിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ ഇതു സംബന്ധിച്ച് ചർച്ച നടന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നെങ്കിലും പ്രശ്നം പരിഹരിക്കപ്പെടാതെ ഇപ്പോഴും തുടരുന്ന അവസ്ഥയാണുള്ളത്. പൊതുമരാമത്ത് മേഖലയിൽ ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ചാത്തമംഗലം സി.എഫ്.എൽ.ടി.സിക്ക് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം-133/21-22

നിർവ്വഹണം- മെഡിക്കൽ ഓഫീസർ .സി.എച്ച്.സി വളയം

അടങ്കൽ-25000/-(വികസന ഫണ്ട് -ജനറൽ)

ചെലവ്- 25000/-(BRN- 21170563009801168556/19-02-2022)

ബഹു.ജില്ലാകളക്ടറുടെ 19-01-2021 തിയ്യതിയിലെ 001/ 2022/ഡി.പി.സി/ഡി.പി.ഒ/കെ.കെ.ഡി നമ്പർ കത്ത് പ്രകാരം കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സി.എഫ്.എൽ.ടി.സി പ്രവർത്തനത്തിന് 25000/- രൂപ വകയിരുത്തുകയും ആയത് 19.02.2022 തിയ്യതിയിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ LGTSB അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-16 ആവശ്യമായ പരിശീലനം നൽകാതെ ഗ്രൂപ്പുകൾക്ക് സംരഭക സബ്സിഡി നൽകുന്നു

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ അഞ്ച് പേരടങ്ങിയ രണ്ട് വനിതാ ഗ്രൂപ്പുകൾക്ക് സംരംഭം തുടങ്ങാൻ സബ്സിഡി നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 24/22 |
| അടങ്കൽ | 600000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 600000/- |

തൂണേരി ഗ്രാമപഞ്ചായത്തിലെ മലബാർ അരവു കേന്ദ്രം, പുറമേരി ഗ്രാമ പഞ്ചായത്തിലെ ആവണി മിൽക്ക് പ്രോഡക്ട്സ് എന്നീ ഗ്രൂപ്പുകൾക്ക് മൂന്ന് ലക്ഷം രൂപ വീതമാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഇതിൽ ആവണി ഗ്രൂപ്പ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്ന് വ്യവസായ വികസന ഓഫീസർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഓഡിറ്റിന്റെ ഭാഗമായി മലബാർ ഗ്രൂപ്പിന്റെ പ്രവർത്തനം പരിശോധിച്ച് ബോധ്യപ്പെട്ടു. സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ. 6-4-4ൽ സംരഭങ്ങളുടെ കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടിയവർക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ സബ്സിഡി നൽകിയ ഗ്രൂപ്പുകൾക്ക് പരിശീലനം നൽകിയതായി കാണുന്നില്ല. മാത്രമല്ല സംരഭത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി കാഷ് ബുക്ക് മറ്റ് അനുബന്ധ രജിസ്റ്ററുകൾ എന്നിവ എഴുതുന്നതിനും ഇവർക്ക് പരിശീലനം നൽകിയതായി കാണുന്നില്ല. സംരംഭം ആരംഭിച്ചതിന് ശേഷം ഈ ഗ്രൂപ്പുകളുടെ യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്ത് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല. ആവണി ഗ്രൂപ്പ് നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21-22/22.3.23) മറുപടി നൽകിയിട്ടില്ല. ആവണി ഗ്രൂപ്പിന് സബ്സിഡി ഇനത്തിൽ നൽകിയ 300000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ആവണി ഗ്രൂപ്പിനെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കാൻ കഴിയാത്ത പക്ഷം നൽകിയ സബിസിഡി തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അർഹതയില്ലാത്ത ഗ്രൂപ്പിന് സംരംഭക സബ്സിഡി അനുവദിച്ചു.

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വനിതാ സ്വയം

സഹായങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയിൽ അഞ്ച് പേരടങ്ങിയ വനിതാ ഗ്രൂപ്പിന് സംരംഭം തുടങ്ങാൻ സബ്സിഡി നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ടി പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 103/22 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി നൽകൽ |
| അടങ്കൽ | 130000/- |
| ഫണ്ട് | വികസനം. |
| ചെലവ് | 130000/- |
| ബിൽനം.തി. | 758/11.10.2021 |

പുറമേരി ഗ്രാമപഞ്ചായത്തിലെ ഗംഗ വനിത ജെ.എൽ.ജി ഗ്രൂപ്പിന് ഗാർമെന്റ് മേക്കിംഗ് എന്ന പദ്ധതിക്ക് ഗ്രാമീണ ബേങ്ക് പുറമേരിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ) നം.22/2018 തസ്വഭവ 14.02.2018 6.4 പ്രകാരം ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകേണ്ടത്. എന്നാൽ ധനസഹായം കൈപ്പറ്റിയ ഗ്രൂപ്പ് അവസാനമായി യോഗം ചേർന്നത് 3.4.2021 നാണ്. ഇതിന് ശേഷം യോഗങ്ങൾ ചേർന്നിട്ടില്ല. ഗ്രൂപ്പിന് സബ്സിഡി നൽകുന്നത് 11.10 2021നാണ്. അതായത് ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ച് ആറ് മാസം കഴിഞ്ഞതിന് ശേഷമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രൂപ്പിന് സബ്സിഡി നൽകിയിരിക്കുന്നത്. ഗ്രൂപ്പിന്റെ ഗ്രേഡിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ, കാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർജ്ജീവമായ ഗ്രൂപ്പാണെന്ന് മനസ്സിലായിട്ടും ഗ്രൂപ്പിന് സബ്സിഡി ആനുകൂല്യം നൽകി.

2) നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ സ്ഥാപനത്തിന്റെ ആസ്തി സംബന്ധിച്ചുള്ള വിവരങ്ങൾ, സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ളരേഖ (KSEB ബില്ല്, പഞ്ചായത്ത് ലൈസൻസ്), മീറ്റിംഗ് മിനുട്സ്, ബാങ്കിന്റെ പാസ്ബുക്ക്, സ്ഥാപനം പ്രവർത്തന സജ്ജമല്ലെങ്കിൽ കാരണം എന്നീ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് സംഘത്തിന് 03.03.2022 ലെ

ഐ.ഇ.ഒ/ടി.എൻ.ആർ.ഐ/103/22 നമ്പർ പ്രകാരം കത്ത് നൽകിയിരുന്നു. എന്നാൽ സംഘം ഇതിന് മറുപടി നൽകിയിട്ടില്ല.

3) സബ്സിഡി തുകയായ 1,30,000/- രൂപ ബേങ്കിലേക്ക് അനുവദിച്ചതിന് ശേഷം അതായത് 1.11.2021 ലെ ഐ.ഇ.ഒ/ടി.എൻ.ആർ.ഐ/103/22 നമ്പർ കത്തിൽ പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം കുറഞ്ഞത് മൂന്നുവർഷമെങ്കിലും യൂണിറ്റ് നിർബന്ധമായും പ്രവർത്തിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ഗ്രാന്റിന് അർഹത ഉണ്ടായിരിക്കില്ലെന്നും ഗ്രാന്റ് തിരിച്ചുപിടിക്കുമെന്ന് സൂചിപ്പിച്ചും, യൂണിറ്റിന്റെ പ്രവർത്തനനില പരിശോധിച്ച മാത്രമേ ഗുണഭോക്താവിന് ഗ്രാന്റ് അനുവദിക്കുവാൻ പാടുള്ളൂവെന്നും, ഇക്കാര്യം ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും സാഹചര്യത്തിൽ യൂണിറ്റ് പ്രവർത്തനരഹിതമാണെങ്കിൽ ഗ്രാന്റ് തിരിച്ചടക്കേണ്ടതുമാണെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ ഗ്രാമീണ ബേങ്ക് മാനേജർ പുറമേരിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ കത്തിന് ബേങ്ക് മാനേജർ മറുപടി നൽകിയിട്ടില്ല. സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിൽ ബേങ്കിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്.

4) ഓഡിറ്റിന്റെ ഭാഗമായി 20.03.2023 ന് പുറമേരി പഞ്ചായത്തിലെ പെരുമുണ്ടശ്ശേരിയിൽ പ്രവർത്തിക്കുന്ന യൂണിറ്റ് ഓഡിറ്റ് ടീം പരിശോധിക്കുകയുണ്ടായി. എന്നാൽ ഇവിടെ പ്രവർത്തിച്ചിരുന്നത് അരൂർ വർക്കേഴ്സ് സോഷ്യൽ വെൽഫേർ കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനമാണ് സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ഒരു ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റ് സൊസൈറ്റിയുടെ ഭാഗമായി തന്നെ പ്രവർത്തിച്ചിരുന്നു എന്ന് അധികൃതർ ഓഡിറ്റിനെ അറിയിച്ചു. ഉപയൂണിറ്റിലേക്ക് ഗംഗ ഗ്രൂപ്പിന്റെ 5 മെഷീനുകളും നൽകിയെന്ന് അവർ അറിയിച്ചു. ഇപ്പോൾ ഇത് പ്രവർത്തിക്കുന്നില്ല. ഗംഗ ഗ്രൂപ്പിന്റെ അഞ്ച് തയ്യൽ മെഷീനുകൾ നിലവിൽ അവിടെ സൂക്ഷിച്ചിട്ടുണ്ടെന്ന് സൊസൈറ്റി സെക്രട്ടറി ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഫലത്തിൽ ഗംഗ ജെ.എൽ.ജി.ഗ്രൂപ്പ് പ്രവർത്തന രഹിതമാണ്. ഗ്രൂപ്പ് സംരംഭം തുടങ്ങിയില്ലെന്നതു മാത്രമല്ല ഗ്രൂപ്പിന്റെ ആസ്തി നിലവിൽ മറ്റൊരു സൊസൈറ്റിയുടെ അധീനതയിലാണുള്ളത്. വനിതകളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതി സൊസൈറ്റിയുടെ ഭാഗമായതിന് വിശദീകരണം നൽകേണ്ടതാണ്.

5) സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.2.2018പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ 6-4-4ൽ കേന്ദ്ര - സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടിയവർക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രൂപ്പ് ഇത്തരത്തിലുള്ള പരിശീലനം നേടിയതായുള്ള രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21-22/22.3.23) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ വിശദമായി മോണിറ്ററിംഗ് നടത്തുന്നതിലുള്ള

വീഴ്ചയാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. ഗ്രൂപ്പ് സബ്സിഡിക്ക് അർഹമല്ലെന്ന് അറിഞ്ഞിട്ടും ഇത് പരിഗണിക്കാതെ ഗ്രൂപ്പിന് സബ്സിഡി നൽകിയതും ആയത് തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിന് വിശദീകരണം നൽകേണ്ടതും ഗ്രൂപ്പിന് നൽകിയ സബ്സിഡി പലിശസഹിതം തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം 1,30,000/- രൂപയുടെ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബധ്യതയായി നിജപ്പെടുത്തി ഈടാക്കുന്നതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 17.03.2022-18.03.2022 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ട് |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2021-22 | 5876000 | പ്രോജക്ട് നം-6/21-22 ലൈഫ് പി.എം.എ.വൈ ഭവനം (ജനറൽ) | 5876000 | 0 |
| | 2021-22 | 98000 | പ്രോജക്ട് നം-114/21-22 ലൈഫ് പി.എം.എ.വൈ ഭവനം (ജനറൽ) | 98000 | |
| ഗ്രാമപഞ്ചായത്ത് | 2021-22 | 5180000 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 5180000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന പദ്ധതി-വായ്പ | ജി.ഒ (എം.എസ്) നം-90/2013 എൽ.എസ്. ജി.ഡി തീയതി-14.10.2013 | | 594621 | 266588 | | 328033 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2002-03 | 11(2) 114 | തുണേരി മൃഗാശുപത്രി ക്വാർട്ടേഴ്സ് | 1)ഫൈനൽ ബിൽ ഓഡിറ്റിന് നൽകണം 2)പരിശോധിച്ച് നിയമസഭ സമിതിക്ക് റിപ്പോർട്ട് നൽകണം |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.5.348 | റോഡുകളുടെ ചുമതലാ വിഭജനം | പരാമർശം നിലനില്ക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 34, 43 | ടി.ടി.കുഞ്ഞിക്കണാരൻ, സെക്രട്ടറി (റിട്ട) | LF.16206/ Spl.Cell SC.5/03 Dt.24.07.04 | 11454 | 11454 DD No. 244647 Dt. 22.05.18 SBI Kallachi | - | - | - | 11454 | 0 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72347704 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69032185 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 130000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 300000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 130000 | ശ്രീ.അഷ്ഠർ.ടി. വ്യവസായ വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 300000 | ശ്രീ.അഷ്ഠർ ടി. വ്യവസായ വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അഷ്റഫ് ടി.<br>വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ,<br>വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | കോമത്ത്(വീട്),<br>ഓർക്കാട്ടേരി,-<br>673501 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.<br>പി.8/860/2021(1)/18.12.2021 | 38, 39, 41 | 3 |
| 2001-02 (ചെലവ്) | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/860/2021(2)/18.12.2021 | 9 | 1 |
| 2001-02 – വരവ് | കെ.എസ്.എ.കെ.കെ.ഡി.<br>പി.7/856/2018(6)/ 22.05.2018 | 8(5),10 | 2 |
| 2011-12 & 2012-13 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/860/2021(7)/18.12.2021 | 3-1(4), 3-1(5), 3-2 | 3 |

| | | | |
|---|---|---|---|
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/643/2012(9)/20.05.22 | 1-10, 3-4 | 2 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/643/2022(10)/20.05.2022 | 1-1, 1-2, 1-4 | 3 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/549/2022/26.03.22 | 1-1, 1-2, 1-2-1, 1-3, 1-4,<br>1-5, 1-6, 1-7, 1-8, 1-9,<br>1-10, 1-11, 1-12, 1-13, 1-14,<br>1-5, 4-10, 4-11 | 18 |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/550 /2022/30.03.22 | 1-1, 1-2, 1-3, 1-4, 1-5, 1-6,<br>1-7, 1-8, 1-9, 1-10, 1-11,<br>1-12, 1-13, 1-14 | 14 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്